എളനാട് കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ്.

27 (4609) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളിൽ ഉൾപ്പെട്ടതാവുന്ന പരമാവധി ഉപഭോക്താക്കളുടെ എണ്ണം എത്രയെന്ന് പറയാമോ ;

(ബി) ചേലക്കര മണ്ഡലത്തിലെ ചേലക്കര, പഴയന്നൂർ സെക്ഷൻഓഫീസുകൾക്കു കീഴിൽ എച്ച്.ടി., എൽ.ടി. വിഭാഗങ്ങളിൽപ്പെട്ട എത്ര ഉപഭോക്താക്കൾ ഉണ്ട് ;

(സി) ചേലക്കര മണ്ഡലത്തിൽ പുതുതായി എളനാട് ഗ്രാമപഞ്ചായത്ത് രൂപീകരിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഉപഭോക്താക്കളുടെ സൗകര്യാർത്ഥം എളനാട് കേന്ദ്രമാക്കി ഒരു പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരമാവധി ഉപഭോക്താക്കളുടെ എണ്ണം എത്രയെന്ന് നിശ്ചയിച്ചിട്ടില്ല. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ കീഴിലുള്ള ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി; (25000 ഉപഭോക്താക്കൾ/50 ചതുരശ്ര കി.മീ. അഥവാ 20,000 ഉപഭോക്താക്കൾ/ 100 ചതുരശ്ര കി.മീ.), പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചുവരുന്നത്.

(ബി) ചേലക്കര സെക്ഷൻ ഓഫീസിന്റെ കീഴിൽ എച്ച്.റ്റി. വിഭാഗത്തിൽ 5 ഉപഭോക്താക്കളും എൽ.റ്റി. വിഭാഗത്തിൽ 24327 ഉപഭോക്താക്കളും ഉണ്ട്. പഴയന്നൂർ സെക്ഷൻ ഓഫീസിന്റെ കീഴിൽ എച്ച്.റ്റി. വിഭാഗത്തിൽ 4 ഉപഭോക്താക്കളും എൽ.റ്റി. വിഭാഗത്തിൽ 15332 ഉപഭോക്താക്കളും ഉണ്ട്.

(സി) ഉണ്ട്.

(ഡി) എളനാട് പഞ്ചായത്തിൽ നിലവിലുള്ള സബ് എഞ്ചിനീയർ ഓഫീസ്, സെക്ഷൻ ഓഫീസായി ഉയർത്തുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. ടി വിഷയം പ്രസ്തുത മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly